ഭവനനിർമ്മാണം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാൻ നടപടി

51. [1537] ശ്രീ. എ. യൂനസ്കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവഹർ റോസ്ഗാർ യോജനപ്രകാരമുള്ള ഭവനങ്ങളുടെ നിർമ്മാണ ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ജവഹർ റോസ്ഗാർ യോജന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആണ്. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെൻറാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ, ഭവനങ്ങൾ അവ ലഭിക്കുന്ന ഗുണഭോക്താക്കൾ തന്നെ സ്വന്തമായി നിർമ്മിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

''ഗ്രാമവികസന ഏജൻസി''

52. [1538] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലാ ഗ്രാമവികസന ഏജൻസി പ്രോജക്ട് ഓഫീസർക്ക് കോമാളിക്കുടി, പൊക്രമുടി എന്നീ ഗിരിജൻ കോളനികളിലെ ഏതാനും വർക്കുകളിൽ ക്രമക്കേടുകൾ നടന്നു എന്ന പരാതി ലഭിക്കുകയുണ്ടായോ ;

(ബി) സൈലൻറ് വാലി പഞ്ചായത്ത് മെമ്പർ ഇത് സംബന്ധിച്ച് പരാതിനൽകിയിട്ടുണ്ടോ ; എങ്കിൽ ഈ പരാതിയെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ ;

(സി) പരാതിയുടേയും അന്വേഷണ റിപ്പോർട്ടിൻെറയും ഓരോ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൈലൻറ്വാലി പഞ്ചായത്തിലെ ശ്രീ. ഗുരുനാഥൻ നൽകിയ ഒരു പരാതി ലഭിക്കുകയുണ്ടായി. ഈ പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) പരാതിയുടേയും അന്വേഷണ റിപ്പോർട്ടിൻെറയും പകർപ്പ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly